# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1533 06.03.2018 ൽ മറുപടിയ്ക്ക്

### ഡ്രൈവിംഗ് പരിശീലനം കാലോചിതമായി പരിഷ്കരിക്കാൻ നടപടി

| | ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വാഹനം ഓടിച്ചവരുടെ പിഴവുകൊണ്ട് മാത്രം കഴിഞ്ഞ മൂന്ന് വർഷത്തിനിടെ സംസ്ഥാനത്ത് നഷ്ടമായത് 11,018 ജീവനുകളാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്.ഡ്രൈവിംഗ് പഠനം, പരിശീലനം എന്നിവയുടെ പോരായ്മകൾ മാത്രമാണ് റോഡപകടങ്ങൾക്ക് വഴിതെളിക്കുന്നത് എന്ന് കരുതുന്നില്ല. ഡ്രൈവിംഗ് പഠനത്തിനു ശേഷം ലൈസൻസ് എടുത്ത് പൊതു നിരത്തിൽ വാഹനമോടിക്കുമ്പോൾ റോഡ് നിയമങ്ങൾ പാലിക്കാതെയും മറ്റു നിയമലംഘനങ്ങൾ നടത്തിയും മദ്യപിച്ച് വാഹനമോടിക്കുന്നതും റോഡ് അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. |
| (ബി) | ഡ്രൈവിംഗ് പഠനം, പരിശീലനം എന്നിവയിലെ കുറവിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നതെന്ന് കരുതുന്നുണ്ടോ; | | |
| (സി) | ഡ്രൈവിംഗ് ലൈസൻസ് ഉണ്ടെങ്കിലും വാഹനമോടിക്കാൻ അറിയാത്തവരും ലൈസൻസ് കിട്ടിയ ശേഷവും പരിശീലകനെയും കൂട്ടി റോഡിൽ വാഹനമോടിക്കുന്നവരും സംസ്ഥാനത്തുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | ഉണ്ട്.റോഡ് സുരക്ഷയ്ക്കായി 'ഒരു ദശകം' എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റിംഗ് പരിശീലനം, ഡ്രൈവിംഗ് സ്കൂളിലെ പരിശീലകർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ ടിപ്പർ ലോറി, ഇ.ഐ.ബി വാഹനങ്ങളുടെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു. മോട്ടോർ വെഹിക്കിൾസ് (ഡ്രൈവിംഗ്) റെഗുലേഷൻ 2017 നിയമ പരിഷ്കരണത്തിന്റെ ഭാഗമായി ലേണേഴ്സ് |
| (ഡി) | എങ്കിൽ ഡ്രൈവിംഗ് ടെസ്റ്റുകളും വാഹനപരിശോധനാ രീതികളും കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ലൈസൻസ് ടെസ്റ്റിന്റെ ചോദ്യാവലിയിൽ വരുത്തേണ്ട പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിനായി ഗതാഗത കമ്മീഷണർ ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**